# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാരക്കുറിശ്ശി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD(12)1392/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 13/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാരക്കുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാരക്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരക്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD(12)1392/22 തീയ്യതി: 13/07/2022

## പാലക്കാട് ജില്ലയിലെ കാരക്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കാരക്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-12-2019 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശശിഭൂഷൺ.ഇ | ഡെപ്യൂട്ടി ഡയറക്ടർ | 10-06-2022 | 15-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-06-2022 | 15-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നസ്സീർ.ടി.കെ -ഓഡിറ്റ് ഓഫീസർ
ശ്രീമതി.അനില .സി.എസ് -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.കന്തസ്വാമി .ഐ. -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വക്കേറ്റ് .മജീദ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| | | 01-04-2019 | 31-03-2020 |
| ശ്രീ.മുഹമ്മദ് ഷാഫി .എ | സെക്രട്ടറി | 01-04-2019 | 04-12-2019 |
| ശ്രീമതി.സുപ്രിയ.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുപ്രിയ.എ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.ഹരികൃഷ്ണൻ | അസി.എൻജിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സുനിത | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.രേഷ്മ | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ.അസ്മാബി | MO(ISM) | 01-04-2019 | 31-03-2020 |
| ഡോ.ഉമ്മർ | MO(PHC) | 01-04-2019 | 31-03-2020 |
| ശ്രീ.മുഹമ്മദാലി | ഹെഡ്മാസ്റ്റർ | 01-04-2019 | 31-05-2019 |
| ശ്രീമതി.മൈമൂന | ഹെഡ് മിസ്ട്രസ്സ് | 01-06-2019 | 31-03-2020 |
| ശ്രീ.യാസർ അറഫാത്ത് | വി.ഇ.ഒ | 01-04-2019 | 21-10-2019 |
| ശ്രീമതി.സരിത.ടി.എം | വി.ഇ.ഒ | 22-10-2019 | 31-03-2020 |
| ശ്രീ.അനീഷ് നാരയാണൻ | ഡി.ഇ.ഒ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Kanthaswami.I (Auditor, On 10-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 10-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Kanthaswami.I (Auditor, On 10-06-2022)<br>Last Updated By: Anish A (Computer Assistant, On 12-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക-അപാകതകൾ<br>Written By: Kanthaswami.I (Auditor, On 10-06-2022)<br>Last Updated By: Anish A (Computer Assistant, On 12-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Kanthaswami.I (Auditor, On 10-06-2022)<br>Last Updated By: Anish A (Computer Assistant, On 12-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Kanthaswami.I (Auditor, On 10-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 05-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Kanthaswami.I (Auditor, On 10-06-2022)<br>Last Updated By: Kanthaswami.I (Auditor, On 10-06-2022) | 1-5 |
| 7 | പദ്ധതി അവലോകനം -മോണിട്ടറിങ് കാര്യക്ഷമമാക്കണം<br>Written By: Kanthaswami.I (Auditor, On 10-06-2022)<br>Last Updated By: Anish A (Computer Assistant, On 08-07-2022) | 1-5-1 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Kanthaswami.I (Auditor, On 10-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 10-06-2022) | 1-6 |
| 9 | MGNREGS അവലോകനം<br>Written By: T.K.Naseer (Audit Officer, On 15-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 15-06-2022) | 1-6-1 |
| 10 | ക്ഷേമ പെൻഷൻ<br>Written By: Kanthaswami.I (Auditor, On 10-06-2022)<br>Last Updated By: Anish A (Computer Assistant, On 12-07-2022) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: Kanthaswami.I (Auditor, On 10-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Kanthaswami.I (Auditor, On 10-06-2022)<br>Last Updated By: Anish A (Computer Assistant, On 12-07-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Kanthaswami.I (Auditor, On 10-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 13-07-2022) | 1-10 |
| 14 | അനധികൃത കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല<br>Written By: Kanthaswami.I (Auditor, On 22-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 24-06-2022) | 1-11 |
| 15 | റേഷൻ കടകളുടെ ലൈസൻസ് ഉറപ്പ് വരുത്തണം<br>Written By: Kanthaswami.I (Auditor, On 22-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 24-06-2022) | 1-12 |
| 16 | കൃഷി ഓഫീസിലേക്ക് ഐ.റ്റി ഉപകരണങ്ങൾ വാങ്ങൽ- സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 24-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 1-13 |
| 17 | വി.ഇ.ഒ ഓഫീസിലേക്ക് ഐ.റ്റി ഉപകരണങ്ങൾ വാങ്ങൽ- സർക്കാർ | 1-14 |

| | | |
|---|---|---|
| | ഉത്തരവ് പാലിച്ചിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 24-06-2022)<br>Last Updated By: Anish A (Computer Assistant, On 12-07-2022) | |
| 18 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട - മാർഗ്ഗരേഖ നിർദ്ദേശം പാലിക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 20-06-2022)<br>Last Updated By: Anish A (Computer Assistant, On 12-07-2022) | 1-15 |
| 19 | ഡെപ്പോസിറ്റ് -കാലാവധി കഴിഞ്ഞവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടണം<br>Written By: Kanthaswami.I (Auditor, On 22-06-2022)<br>Last Updated By: Anish A (Computer Assistant, On 12-07-2022) | 1-16 |
| 20 | അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി, ടി.ഡി.എസ് നടത്തിയില്ല<br>Written By: C.S.Anila (Senior Grade Auditor, On 20-06-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 20-06-2022) | 1-17 |
| 21 | മിനിമാസ്റ്റ് സ്ഥാപിക്കൽ - അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിച്ചു<br>Written By: C.S.Anila (Senior Grade Auditor, On 20-06-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 30-06-2022) | 1-18 |
| 22 | ദുരിദാശ്വാസ നിധി കാര്യക്ഷമമാക്കണം<br>Written By: C.S.Anila (Senior Grade Auditor, On 20-06-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 20-06-2022) | 1-19 |
| 23 | മരാമത്ത് -പൂർത്തീകരണകാലവധി ദീർഘിപ്പിക്കൽ -ഫൈൻ ഈടാക്കിയിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 20-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 05-07-2022) | 1-20 |
| 24 | മരാമത്ത് -GST കോമ്പൻസേഷൻ നൽകൽ -അപാകതകൾ<br>Written By: T.K.Naseer (Audit Officer, On 20-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 20-06-2022) | 1-21 |
| 25 | KWA യിൽ ഡെപ്പോസിറ്റ് വർക്ക് -മോണിട്ടറിങ് കാര്യക്ഷമമാക്കണം<br>Written By: T.K.Naseer (Audit Officer, On 20-06-2022)<br>Last Updated By: Anish A (Computer Assistant, On 12-07-2022) | 1-22 |
| 26 | മെയ്ന്റനൻസ് ഗ്രാന്റ് (റോഡ് ) വിനിയോഗം -അപാകതകൾ<br>Written By: T.K.Naseer (Audit Officer, On 20-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 20-06-2022) | 1-23 |
| 27 | മരാമത്ത് പ്രവർത്തികൾ -അവലോകനം<br>Written By: T.K.Naseer (Audit Officer, On 20-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 20-06-2022) | 1-24 |
| 28 | പാലിന് സബ്സീഡി -ഡിപ്പാർട്ട്മെന്റ് വിഹിതം ഉറപ്പാക്കിയില്ല<br>Written By: T.K.Naseer (Audit Officer, On 20-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 20-06-2022) | 1-25 |
| 29 | എ.ബി.സി പ്രോഗ്രാം - ലക്ഷ്യ പ്രാപ്തി വിവരങ്ങൾ അറിയിക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 22-06-2022)<br>Last Updated By: Anish A (Computer Assistant, On 12-07-2022) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.K.Naseer (Audit Officer, On 10-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 13-07-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Naseer (Audit Officer, On 10-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 13-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.K.Naseer (Audit Officer, On 10-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 05-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങള്<br>Written By: T.K.Naseer (Audit Officer, On 10-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 10-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: T.K.Naseer (Audit Officer, On 10-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 08-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: T.K.Naseer (Audit Officer, On 10-06-2022)<br>Last Updated By: Anish A (Computer Assistant, On 12-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Naseer (Audit Officer, On 10-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 10-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.K.Naseer (Audit Officer, On 10-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 10-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: T.K.Naseer (Audit Officer, On 10-06-2022)<br>Last Updated By: T.K.Naseer (Audit Officer, On 10-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Naseer (Audit Officer, On 10-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 13-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.K.Naseer (Audit Officer, On 10-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

11.2.2019-ാംതീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 24..3.2020 -ാം തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 16807264 |
| വരവ് | 130234917 |
| ആകെ | 147042181 |
| ചെലവ് | 127373380 |
| നീക്കിയിരിപ്പ് | 19668801 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 20.5.2020 | - | - |

## 1-2-1 വാർഷിക ധനകാര്യപത്രിക-അപാകതകൾ

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അഡ്വാൻസ് രജിസ്റ്ററിൽ വിവിധ ഹെഡുകളിൽ നല്കിയ തുക, ക്രമീകരിച്ച തുക എന്നിവ രേഖപ്പെടുത്തിയിട്ടില്ല .

2. തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

3. ബാങ്ക്, ട്രഷറി അക്കൌണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ എല്ലാ മാസങ്ങളിലും തയ്യാറാക്കി അതത് ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. (കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 57) എന്നാൽ ബാങ്ക്, ട്രഷറി അക്കൌണ്ടുകൾ 6/2019 മുതൽ 2/2020 വരെ റീകൺസീലിയേഷൻ നടത്തിയിട്ടില്ല.

4. Contractors EMD യിൽ ഉൾപ്പെടുത്തേണ്ട തുക Bidder's EMD യിൽ ഉൾപ്പെടുത്തിയത് Schedule B -7 ൽ ക്രമീകരിച്ച കാണുന്നില്ല.

5. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത്, കേന്ദ്ര സംസ്ഥാന പദ്ധതികൾക്കായുള്ള വിഹിതങ്ങൾ എന്നിവയുടെ വരവ് ചെലവുകളുടെ പരിശോധനയ്ക്കാവശ്യമായ ACR തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22213244 |
| വരവ് | 81545565 |
| ആകെ | 103758809 |
| ചെലവ് | 83105695 |
| നീക്കിയിരിപ്പ് | 20653114 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 9571124 | 9571124 | 9571124 | 00 |
| പ്ലാൻ (SCP) | 0 | 8867824 | 8867824 | 7363596 | 1504228 |
| പ്ലാൻ (TSP) | 0 | 0 | 0 | 0 | 0 |
| CFC (BASIC ) | 0 | 8994217 | 8994217 | 6979122 | 2015095 |
| CFC (TIED) | 0 | 0 | 0 | 0 | 0 |
| റോഡ് (MG) | 0 | 15990000 | 15990000 | 12092943 | 3897057 |
| റോഡിതരം (MG) | 0 | 3449000 | 3449000 | 2726206 | 722794 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- | | | | | |
| സംയോജിത ശിശു വികസന പദ്ധതി | 1395376 | 784532 | 2179908 | 362059 | 1817849 |
| ശുചിത്വമിഷൻ ഫണ്ട് | 1882643 | 2146800 | 2029443 | 1643443 | 386000 |
| ദുരിതാശ്വാസനിധി | 21893 | 876 | 22769 | 10 | 21893 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 263392 | 3696000 | 3696000 | 3432608 | 263392 |
| ജില്ലാ പഞ്ചായത്ത് | 80000 | 2705358 | 2785358 | 2705358 | 80000 |
| | 1342100 | 430338 | 1772438 | 1730869 | 41569 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 259 | 116830267 | 201 | 68526355 | 0 | 58 | 78% |

## 1-5-1 പദ്ധതി അവലോകനം -മോണിട്ടറിങ് കാര്യക്ഷമമാക്കണം

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവ്വഹണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 9 | 1 | 2760189 | 1331689 | 48% |
| വെറ്ററിനറി സർജ്ജൻ | 8 | 8 | 0 | 3114000 | 1673702 | 53% |
| MO (PHC) | 7 | 6 | 1 | 1437894 | 584030 | 41% |
| MO (ISM ) | 5 | 5 | 0 | 910000 | 909728 | 99% |
| VEO | 15 | 14 | 1 | 56642524 | 28959517 | 51% |
| ICDS | 9 | 7 | 2 | 5945143 | 4743561 | 80% |
| DEO | 1 | 1 | 0 | 600000 | 550000 | 91% |
| സെക്രട്ടറി | 23 | 15 | 8 | 6031535 | 3993686 | 66% |
| അസി.എൻജി. | 169 | 126 | 43 | 34529832 | 22202008 | 64% |
| ഹെഡ് മാസ്റ്റർ | 6 | 4 | 2 | 2190000 | 1257090 | 57% |

| | | | | | | |
|---|---|---|---|---|---|---|
| അസി.സെക്രട്ടറി | 6 | 6 | 0 | 2669150 | 2321344 | 87% |
| ആകെ | 259 | 201 | 58 | 116830267 | 68526355 | 78% |

ആകെ 259 പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കിയതിൽ 201 എണ്ണം മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത് .ആകെ അടങ്കൽ 11.68 കോടിയിൽ 6.85 കോടി ചെലവഴിക്കപ്പെട്ടു (59%)പൂർണ്ണ തോതിലുള്ള നിർവ്വഹണത്തിന് മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 17260 | 1699448 | 1716708 | 1713944 | 2764 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 22604567 | 22604567 | 22604567 | 0 |
| ആകെ | 17260 | 24304015 | 04321275 | 24318511 | 2764 |

## 1-6-1 MGNREGS അവലോകനം

| ക്രമനം. | വിശദാംശം | 19-20 |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3217 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 119 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 1251 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 93338500 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 200 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 191 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 36 |
| 8 | തൻവർഷത്തെ വരവ് (അഡ്മിൻ) (EFMS) | 1716708 22604567 |
| 9 | തൻവർഷത്തെ ചെലവ്(അഡ്മിൻ) (EFMS ) | 1713944 22604567 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1369 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1369 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 190 |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | 18 |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | 0 |

2019-20 വർഷത്തിൽ സാധനസാമഗ്രികൾ ഉൾപ്പെടുന്ന 36 പ്രവർത്തികൾ തൊഴിലുറപ്പപദ്ധതിപ്രകാരം താഴെപ്പറയും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്

| പ്രവർത്തി | എണ്ണം |
|---|---|
| റോഡ് | 18 |
| കോഴിക്കൂട് | 0 |

| | |
|---|---|
| ആട്ടിൻകൂട് | 0 |
| തൊഴുത്ത് | 9 |
| കയർ ഭൂവസ്ത്രം | 1 |
| മറ്റുള്ളവ | 8 |
| ആകെ ചെലവ് | 725618 |

## 1-7 ക്ഷേമ പെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 129360 | 72 |
| കർഷകതൊഴിലാളി പെൻഷൻ | 1830600 | 291 |
| വിധവാപെൻഷൻ | 6080400 | 1030 |
| വാർദ്ധക്യകാലപെൻഷൻ | 9492900 | 1578 |
| വികലാംഗപെൻഷൻ | 1875900 | 316 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വർക്ക് പെൻഷൻ | 4455500 | 276 |
| വിധവകളുടെ പെൺമക്കൾക്ക് ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.06.2022 തിയ്യതിയിൽ ഉച്ചയ്ക്ക് ശേഷം 02.30 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 12,928/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പറഞ്ഞത് ഒഴികെയുള്ള കാര്യങ്ങളിൽ വാർഷിക കണക്കിൽ പ്രതിഫലിപ്പിക്കുന്നുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ എല്ലാ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്‌വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ

ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ് പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ്ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറിയും പ്രസിഡണ്ടും ഒപ്പ് വെക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. ഒരു കെട്ടിടം പൂർത്തിയാവുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ വാർഡ് ക്ലാർക്ക് വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത് വസ്തു നികിതിയുടെ ചുമതല വഹിക്കുന്ന സീനിയർ ക്ലാർക്ക്, സെക്രട്ടറിക്ക് ഫോർവേർഡ് ചെയ്യുകയും സെക്രട്ടറി ഇതംഗീകരിച്ച് ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്ന മുറയ്ക്ക് നികുതി ഡിമാന്റ് സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്നു. 2019-20 ൽ മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. ക്യാമ്പ് കളക്ഷനും ഫീൽഡ് കളക്ഷനും നടത്തി നികുതികൾ പിരിച്ചെടുത്തിട്ടുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമയ്ക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. ഉപയോഗയശൂന്യമാകുന്ന വസ്തുവകകൾ കൈയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

പഞ്ചായത്ത് മീറ്റിംഗിന് Software (സകർമ) ലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്. ഗ്രാമസഭായോഗങ്ങളിൽ ക്വാറം തികയുന്നുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2019-20 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹ 0.83 കോടി ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ കാലഘട്ടത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ

വികസനം ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജീവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.5.2022 | 4/2022 | 6.6.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-08-2013-മുതൽ-10-09-2013 വരെ | 2008-09 മുതൽ 2012-13 വരെ | 21.7.2014 |

## 1-11 അനധികൃത കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിക്കുന്നതിനായി അനധികൃത കെട്ടിട നിർമ്മാണരജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

അനധികൃത നിർമ്മാണങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

അനധികൃതനിർമ്മാണ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 27 കെട്ടിടങ്ങളാണ് ഉള്ളത്. ഇവയിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

1. UA 12/1 2. UA 10/6

3. UA 10/4 4. UA 15/1

5. UA 3/1 6. UA 10/3

മേൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ ഓരോ 3 മാസം കൂടുമ്പോഴും ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള അനധികൃത നിർമ്മാണങ്ങളുടേയും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടേയും വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഈ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കാണുന്നില്ല. നാളിതുവരെ കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകിയതായും കാണുന്നില്ല. അനധികൃത നിർമ്മാണങ്ങൾക്കെതിര കെ.പി.ബി.ആർ, 2019 ലെ ചട്ടം 89, 90, 91 എന്നിവ അനുശാസിക്കുന്ന തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം:18/19-20 /15.6.22

## 1-12 റേഷൻ കടകളുടെ ലൈസൻസ് ഉറപ്പ് വരുത്തണം

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2019-20 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം അബ്കാരി

ഷാപ്പുകൾ ഉൽപന്നങ്ങളുടെ സംഭരണം, വിൽപനയും ക്രമ നം. 149, പ്രകാരം റേഷൻ കടകൾക്കും ലൈസൻസ് ആവശ്യമാണ്. (സിവിൽ സപ്ളൈസ് കമ്മീഷണറുടെ ഉത്തരവ് നമ്പർ : (സി.എസ്)എ.9-764/2019 തിയ്യതി: 22-01-2019 പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്). എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾക്കും റേഷൻ കടകൾക്കും പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. മേൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 11/14.06.22)

1-13 കൃഷി ഓഫീസിലേക്ക് ഐ.റ്റി ഉപകരണങ്ങൾ വാങ്ങൽ- സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.

പ്രോജക്ട് - കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ (234/19-20)

നിർവ്വഹണം - കൃഷി ഓഫീസർ

അടങ്കൽ തുക – 75,000( ജനറൽ ഫണ്ട്- 57,800/- മെയിന്റനൻസ് ഫണ്ട്- 17,200/-)

ചെലവ് - 57,770/-

ബിൽ നം- 1/30.07.2019 (57,770/- രൂപ Nisdon Infoway, Perinthalmanna എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്)

സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയഭരണസ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ, ലാപ്പ് ടോപ്പുകൾ, പ്രിന്ററുകൾ തുടങ്ങിയ ഐ.ടി. ഉപകരണങ്ങൾ ഒരു ഓൺലൈൻ സർക്കാർ പോർട്ടലിലൂടെ(www.cprcs.kerala.gov.in) വാങ്ങണമെന്ന് 18/11/2017 ലെ സ.ഉ (എം എസ് ) 24/2017/ITD നമ്പർ ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഐ റ്റി മിഷൻ തയ്യാറാക്കിയ സ്പെസിഫിക്കേഷനിലുള്ള ഐ. റ്റി ഉപകരണങ്ങൾ കെൽട്രോൺ മുഖാന്തിരം ടെണ്ടർ ചെയ്ത് വില നിശ്ചയിച്ച് വകുപ്പുകളിൽ വർക്ക് ഓർഡറിന്റെ അടിസ്ഥാനത്തിൽ വിതരണം നടത്തുന്നതിനുള്ള സൗകര്യമാണ് ഈ സംവിധാനത്തിലൂടെ ഒരുക്കിയിരിക്കുന്നത്. ഉത്തരവ് നം. ഐ.റ്റി.സെൽ-1/106/2019 /വി.സ.വ തിരുവനന്തപുരം/21.10.2019, നം. ഐ.റ്റി.സെൽ-1/126/2019/വി.സ.വ തിരുവനന്തപുരം/18.03.2019 മുതലായ ഉത്തരവിലൂടെയും ഐ.റ്റി ഉപകരണങ്ങൾ Cprcs മുഖേനമാത്രമേ വാങ്ങാവൂ എന്നും Cprcs ൽ ലഭ്യമായിട്ടുള്ള സാമഗ്രികൾ കൂടിയ വിലയ്ക്ക് ടെണ്ടറുകൾ, ക്വട്ടേഷനുകൾ മുതലായ ഇതര മാർഗ്ഗങ്ങളിലൂടെ വാങ്ങുന്നപക്ഷം അധികമായി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത പർച്ചേസിന് നേതൃത്വം വഹിക്കുന്ന ഉദ്യോഗസ്ഥർക്കും സ്ഥാപനമേധാവിക്കും ആയിരിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ ഉത്തരവുകൾ ലംഘിച്ച് ക്വട്ടേഷൻ മുഖേന കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ മുതലായവ Nisdon Infoway എന്ന സ്ഥാപനത്തിൽനിന്നും വാങ്ങിയിട്ടുണ്ട്.

ക്വട്ടേഷൻ മുഖേന വാങ്ങിയ കമ്പ്യൂട്ടറിന്റെ വില- 39,960/-

ഒരേ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറിന് Cprcs ലെ വില- 30,527/-

സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടപടികൾ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് -23/17.06.22- മറുപടിയായി ഐ.റ്റി ഉപകരണങ്ങൾ Cprcs മുഖേനമാത്രമേ വാങ്ങാവൂ എന്ന് അറിവില്ലായ്മ മൂലമാണ് ക്വട്ടേഷൻ വഴി വാങ്ങിയത് എന്നാണ് അറിയിച്ചത്. സർക്കാർ നിർദ്ദേശം പാലിച്ച് വാങ്ങൽ നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-14 വി.ഇ.ഒ ഓഫീസിലേക്ക് ഐ.റ്റി ഉപകരണങ്ങൾ വാങ്ങൽ- സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.

പ്രോജക്ട് - വി.ഇ.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (222/19-20)

നിർവ്വഹണം - വി.ഇ.ഒ

അടങ്കൽ തുക – 60,000/- (മെയിന്റനൻസ് ഫണ്ട് )

ചെലവ് - 57,770/-

ബിൽ നം- 5/25.07.2019 (57,770/- രൂപ അക്ഷര എന്റർപ്രൈസസ്, പാലക്കാട് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട് )

സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയഭരണസ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ, ലാപ്പ് ടോപ്പുകൾ, പ്രിന്ററുകൾ തുടങ്ങിയ ഐ.ടി. ഉപകരണങ്ങൾ ഒരു ഓൺലൈൻ സർക്കാർ പോർട്ടലിലൂടെ(www.cprcs.kerala.gov.in) വാങ്ങണമെന്ന് 18/11/2017 ലെ സ.ഉ (എം എസ് ) 24/2017/ITD നമ്പർ ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഐ റ്റി മിഷൻ തയ്യാറാക്കിയ സ്പെസിഫിക്കേഷനിലുള്ള ഐ. റ്റി ഉപകരണങ്ങൾ കെൽട്രോൺ മുഖാന്തിരം ടെണ്ടർ ചെയ്ത് വില നിശ്ചയിച്ച് വകുപ്പുകളിൽ വർക്ക് ഓർഡറിന്റെ അടിസ്ഥാനത്തിൽ വിതരണം നടത്തുന്നതിനുള്ള സൗകര്യമാണ് ഈ സംവിധാനത്തിലൂടെ ഒരുക്കിയിരിക്കുന്നത്. ഉത്തരവ് നം. ഐ.റ്റി.സെൽ-1/106/2019 /വി.സ.വ തിരുവനന്തപുരം/21.10.2019, നം. ഐ.റ്റി.സെൽ-1/126/2019/വി.സ.വ തിരുവനന്തപുരം/18.03.2019 മുതലായ ഉത്തരവിലൂടെയും ഐ.റ്റി ഉപകരണങ്ങൾ Cprcs മുഖേനമാത്രമേ വാങ്ങാവൂ എന്നും Cprcs ൽ ലഭ്യമായിട്ടുള്ള സാമഗ്രികൾ കൂടിയ വിലയ്ക്ക് ടെണ്ടറുകൾ, ക്വട്ടേഷനുകൾ മുതലായ ഇതര മാർഗ്ഗങ്ങളിലൂടെ വാങ്ങുന്നപക്ഷം അധികമായി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത പർച്ചേസിന് നേതൃത്വം വഹിക്കുന്ന ഉദ്യോഗസ്ഥർക്കും സ്ഥാപനമേധാവിക്കും ആയിരിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ ഉത്തരവുകൾ ലംഘിച്ച് ക്വട്ടേഷൻ മുഖേന വി.ഇ.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ മുതലായവ അക്ഷര എന്റർപ്രൈസസ്, പാലക്കാട് എന്ന സ്ഥാപനത്തിൽനിന്നും വാങ്ങിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടപടികൾ നടത്തിയതിന് വിശദീകരണം സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടപടികൾ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് -24/17.06.22- മറുപടി ലഭിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം പാലിച്ച് വാങ്ങൽ നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്

1-15 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട - മാർഗ്ഗരേഖ നിർദ്ദേശം പാലിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | 227/20, ഭിന്നശേഷിക്കാർക്ക് പെട്ടിക്കട |
| അടങ്കൽ | 282000, വികസന ഫണ്ട് ജനറൽ |
| ചെലവ് | 109000 |
| ബിൽ നമ്പർ | 1/19-20/28.06.19 |
| നിർവഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

പ്രോജക്ട് പ്രകാരം നാലുപേർക്ക് പെട്ടിക്കട നിർമ്മിക്കുന്നതിനായി ധനസഹായം നൽകിയിട്ടുണ്ട്. പ്രൊജക്ടിന്റെ ചെലവുരേഖകൾ പരിശോധിച്ചതിലെ നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1.ചെലവുരേഖകൾ പരിശോധിച്ചതിൽ അഞ്ചു പേർ പെട്ടിക്കട നിർമ്മിച്ചതായും തുക അനുവദിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ ആരൊക്കെയാണ് പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്കായി പെട്ടിക്കട നിർമ്മിച്ച് നൽകിയിരിക്കുന്നത് എന്ന് വ്യക്തമല്ല.

2.റോഡ് പുറമ്പോക്കിൽ അനധികൃതമായി സ്ഥാപിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തിയതിന്റെ രേഖകൾ

3. പെട്ടിക്കടയുടെ വാല്വേഷൻ എൽ എസ് ജി ഡി ഓവർസിയർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർ എടുത്തതിന്റെ രേഖകൾ

4. അപേക്ഷകളോടൊപ്പം കരാർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും യാതൊരു രേഖപ്പെടുത്തലും വരുത്തിയിട്ടില്ല. ആദ്യ വർഷം നടത്തിപ്പിനും ശേഷം സ്വന്തമായി നൽകുന്നതായും ഗുണഭോക്താവുമായി ഏർപ്പെട്ട കരാർ.

ഓഡിറ്റ് എൻക്വയറിയ്ക്ക് (22/17.06.22) ലഭ്യമാക്കിയ മറുപടിയിൽ സമയക്കുറവുമൂലമാണ് എഗ്രിമെന്റ് പൂരിപ്പിക്കാതിരുന്നതെന്നും മരം കൊണ്ടുള്ള പെട്ടിക്കടയ്ക്ക് 25000/-രൂപയുടെയും അല്ലാത്തതിന് 28000/-രൂപയുടെയും വാല്യേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടുണ്ട് എന്ന് അറിയിക്കുകയും ഗുണഭോക്താക്കൾക്കായി പെട്ടിക്കട നിർമ്മിച്ചവരുടെ വിവരം ലഭ്യമാക്കുകയും ചെയ്തു. പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവ പാലിച്ചുമാത്രം പദ്ധതികൾ നടപ്പിലാക്കേണ്ടതും യഥാർത്ഥ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട സഹായം ലഭ്യമായിട്ടുണ്ടെന്നും ആയത് ഗുണഭോക്താക്കൾ വിനിയോഗിക്കുന്നുണ്ട് എന്ന് മോണിറ്റർ ചെയ്യേണ്ടതുമാണ്.

## 1-16 ഡെപ്പോസിറ്റ് -കാലാവധി കഴിഞ്ഞവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടണം

വിവിധ ഡെപ്പോസിറ്റുകളുടെ സംക്ഷിപ്തം പരിശോധിച്ചതിൽ 2019-20 ൽ നീക്കിയിരിപ്പായി 574308/- രൂപ ഉണ്ട്. ആയതിൽ 3 വർഷം കഴിഞ്ഞിട്ടുള്ളവയുടെ വർഷം തിരിച്ചുള്ള വിവരം തയ്യാറാക്കി പഞ്ചായത്ത് തീരുമാനത്തിന് വിധേയമായി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി, ടി.ഡി.എസ് നടത്തിയില്ല

2019-20 സാമ്പത്തിക വർഷത്തിൽ അങ്കണവാടി പോഷകാഹാര പദ്ധതിയ്ക്കായി അമൃതം ഫുഡ്സ് കുടുംബശ്രീ യൂണിറ്റ്, തച്ചമ്പാറ-ൽ നിന്നും അമൃതം ന്യൂട്രിമിക്സ്, ആരോഗ്യമിക്സ് എന്നിവ വാങ്ങിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 11/20 | അങ്കണവാടി അനുപൂരക പോഷകാഹാരം (ജനറൽ) | 2550000 (1700000-വികസന ഫണ്ട്-ജനറൽ, 850000-കേന്ദ്രാവിഷ്കൃത ഫണ്ട്) | 2001266 (1639207-വികസന ഫണ്ട്, 362059-കേന്ദ്രാവിഷ്കൃത ഫണ്ട്) |
| 17/20 | അങ്കണവാടി അനുപൂരക പോഷകാഹാരം (എസ്.സി.പി) | 450000 (300000-വികസന ഫണ്ട് എസ്.സി.പി, 150000-കേന്ദ്രാവിഷ്കൃത ഫണ്ട്) | 300000-വികസന ഫണ്ട് എസ്.സി.പി |

ഇൻവോയ്സുകളുടെ വിശദാംശം താഴെചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (ജി.എസ്.ടി |
|---|---|---|

| | | |
|---|---|---|
| | | ഒഴികെ) |
| 1 | 133/ 27.05.19 | 88690 |
| 2 | 122/24.04.19 | 30615 |
| 3 | 135/30.05.19 | 30615 |
| 4 | 115/12.04.19 | 100380 |
| 5 | 147/29.06.19 | 80360 |
| 6 | 148/03.07.19 | 30615 |
| 7 | 152/25.07.19 | 86030 |
| 8 | 159/29.08.19 | 89810 |
| 9 | 155/14.08.19 | 32955 |
| 10 | 171/23.10.19 | 94990 |
| 11 | 167/10.10.19 | 39975 |
| 12 | 166/20.09.19 | 36855 |
| 13 | 177/23.11.19 | 100170 |
| 14 | 178/26.11.19 | 37440 |
| 15 | 182/13.12.19 | 103040 |
| 16 | 183/21.12.19 | 38220 |
| 17 | 187/22.01.20 | 105140 |
| 18 | 196/18.02.20 | 101570 |
| 19 | 197/24.02.20 | 36855 |
| ആകെ | | 1264325 |

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽപദ്ധതികളിൽ 2% ടി.ഡി.എസ് ഈടാക്കാതെയാണ് സപ്ലൈയർക്ക് തുക അനുവദിച്ചിരിക്കുന്നത്. വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് സപ്ളൈയർ ജി എസ് ടി അടവാക്കിയിട്ടുണ്ടെന്നും ഭാവിയിൽ നടപ്പിലാക്കുന്ന പ്രൊജക്ടുകളിൽ ജി എസ് ടി സോഴ്സിൽ കുറവു ചെയ്യുന്നതാണെന്നും അറിയിച്ചു.

2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർക്ക് മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്തിയതിനുശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതും. മേൽപദ്ധതികളിൽ ടി ഡി എസ് ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-18 മിനിമാസ്റ്റ് സ്ഥാപിക്കൽ - അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിച്ചു

| ക്രമ | പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ നം. | ഇൻവോ |
|---|---|---|---|---|---|

| നം. | | | | /തീയതി | യ്സ് നം. |
|---|---|---|---|---|---|
| 1 | 275/20 -പൊന്തിയംപുറം ജംഗ്ഷനിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ | 190000 (160000- സി.എഫ്.സി, 30000 -തനത് ഫണ്ട്) | 125000 (95000 – സി എഫ് സി, 30000തനത് ഫണ്ട്) | 1) 16/19-20/16.12.19-95000 2)5567134/05.03.20-30000 | |
| 2 | 196/20 -കല്ലംചോല മലമ്പള്ളം പ്രദേശങ്ങളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ | 600000 (400000- സി.എഫ്.സി, 200000 – തനതു ഫണ്ട്) | 500000 (300000- സി.എഫ്.സി, 200000 – തനതു ഫണ്ട്) | 1)15/19-20/ 19.01.20-300000 2)5567134/05.03.20-200000 | |

അക്രഡിറ്റഡ് ഏജൻസികൾ മുഖേന മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുകയാണ് മേൽപ്പറഞ്ഞ പദ്ധതികളുടെ ലക്ഷ്യം.

ഇതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE) -ൽ നിന്നും A2-12/2019 /16.08.19 പ്രകാരം വർക്ക് ഓർഡർ നൽകുകയും സ്ഥാപനം പദ്ധതികൾക്കായി എസ്റ്റിമേറ്റ് (കത്ത് നം. KSIE/PKD/167/19-20/16.09.19) നൽകുകയും ആയത് ഭരണസമിതി തീരുമാനം നം. 2(5)/20.09.19 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റിലെ വിശദാംശം താഴെചേർക്കുന്നു.

| പ്രവർത്തി | ഇനം | തുക |
|---|---|---|
| പൊന്തിയംപുറം ജംഗ്ഷൻ മിനി മാസ്റ്റ് സ്ഥാപിക്കൽ | Pole 9m With LED 5no.s Of 150w | 190000 |
| കല്ലംചോല മലമ്പള്ളം പ്രദേശങ്ങളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ (പുളിയംകോട് കോളനി, വാഴമ്പുറം സെന്റർ, മലമ്പള്ള സെന്റർ, കല്ലംചോല സെന്റർ) | Pole 7m With LED 4no.s Of 70w<br>Pole 9m With LED 6no.s Of 150w<br>Pole 8.5m With LED 4no.s Of 150w (2no.s) | 600000 (100000+ 200000 +150000x2) |

KSIE/PKD/L-171/19-20/11.02.20 കത്തിലൂടെ പൂർത്തീകരണം വിവരം പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. മേൽപ്രൊജക്ടുകൾ പരിശോധിച്ചതിലെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) സ.ഉ.(പി)നം.77/2019/ഫിൻ തീ.04.07.2019 പ്രകാരം KSIE യ്ക്ക് സിവിൽ നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ്(പി.എം.സി) ആയി പ്രവർത്തിക്കുന്നതിനുള്ള അക്രഡിറ്റേഷൻ മാത്രമാണുള്ളത്. അതാത് മേഖലയിൽ അക്രഡിറ്റേഷൻ എടുത്തിട്ടുള്ള പി.എം.സി യെ ബിഡിംഗ് മുഖേനയാണ് തെരഞ്ഞെടുക്കേണ്ടത്. ഇതിനു വിരുദ്ധമായി സിവിൽ പ്രവൃത്തികളുടെ മേഖലയിൽ പി.എം.സി ആയ കെ.എസ്.ഐ.ഇ യെ മിനിമാസ്റ്റ് സ്ഥാപിക്കുന്നതിനുള്ള ഏജൻസിയായി ബിഡിംഗ് കൂടാതെ നേരിട്ട് തെരഞ്ഞെടുത്ത നടപടി ക്രമപ്രകാരമല്ല. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി നിർവ്വഹണത്തിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറുകാരനെ തെരഞ്ഞെടുക്കുന്നതിനുപകരം നേരിട്ട് പ്രവൃത്തി നിർവ്വഹിച്ചതും സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

2) സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. KSIE എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല. ആയതിനാൽ KSIE യ്ക്ക് ടെണ്ടർ കൂടാതെ നേരിട്ട് തെരുവു വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല.

3) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഉത്തരവ് നം.HD/489/2018 തീയതി 26.6.2018 പ്രകാരം 10 ലക്ഷം വരെയുള്ള ഇലക്ട്രിക്കൽ പ്രവർത്തികളുടെ ചെക്ക് മെഷർമെന്റ് ബില്ലുകൾക്ക് അനുമതി നൽകൽ എന്നിവയ്ക്ക് ജില്ലാതല കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ വാല്വേഷൻ ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മറ്റി നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4) മിനി മാസ്റ്റ് തെരുവ് വിളക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ രേഖകൾ, ലൈറ്റുകളുടെ വിശദാംശം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സിവിൽ പ്രവൃത്തികളുടെ PMC ആയി പ്രവർത്തിക്കുന്നതിനായി അക്രഡിറ്റേഷൻ എടുത്തിട്ടുള്ള KSIE എന്ന സ്ഥാപനത്തെ സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നേരിട്ട് ഏൽപ്പിച്ച നടപടി എന്നിവയ്ക്കുള്ള വിശദീകരണം, മേൽപരാമർശിച്ച അപാകതകൾക്കുള്ള വിശദീകരണം/ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണത്തിന് (21/17.06.22) ലഭ്യമാക്കിയ മറുപടിയിൽ പ്രവർത്തി തൃപ്തികരമായി നടപ്പിലാക്കിയിട്ടുണ്ടെന്നും, സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ ഹാജരാക്കുകയും ചെയ്തു. ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ, സർക്കാർ ഉത്തരവുകൾ എന്നിവ കർശനമായി പാലിക്കേണ്ടതാണ്.

## 1-19 ദുരിദാശ്വാസ നിധി കാര്യക്ഷമമാക്കണം

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി

കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.ഇതിനായുട്ടുള്ള ബാങ്ക് അക്കൗണ്ട് (നം-906 ) പ്രകാരം മുന്നിരിപ്പ് 21893 രൂപയും വരവ് 3075 രൂപയും ഉൾപ്പടെ 24968 രൂപയിൽ തൻവർഷം 2209 രൂപ ചെലവഴിച്ച് നീക്കിയിരിപ്പ് 22759 രൂപ. സമൂഹത്തിലെ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നല്ലാതെ ധനസഹായം ലഭ്യമാകുന്നതിനുള്ള ദുരിതാശ്വാസ നിധി സജീവമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

1-20 മരാമത്ത് -പൂർത്തീകരണകാലവധി ദീർഘിപ്പിക്കൽ -ഫൈൻ ഈടാക്കിയിട്ടില്ല

ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ, കരാറുകാരനുമായുള്ള എഗ്രിമെന്റ് Clause 7 എന്നിവ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി എന്നും ബോധ്യപ്പെട്ടു. ഈ പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. കൂടാതെ നിയമപ്രകാരം നൽകാവുന്നതിനേക്കാൾ കൂടുതൽ കാലാവധി ആദ്യ തവണ നീട്ടി നൽകിയിട്ടുമുണ്ട്. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. 2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യ.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥൻറ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്.എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ )എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവർത്തിയിൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെചേർക്കുന്നു.ഇതു സംബന്ധിച്ച തുടർ നടപടി വിവരങ്ങൾ അപൂർണ്ണമാണ് (കോൺട്രാക്ടറുടെ അപേക്ഷ,നിർവ്വഹണോദ്യോഗസ്ഥന്റ ശുപാർശ,പഞ്ചായത്ത് തീരുമാനം,ഫൈൻ ഈടാക്കിയ വിവരം എന്നിവ )

| മരാമത്ത് പ്രവർത്തിയുടെ വശദ വിവരങ്ങൾ | ഫൈൻ സംബന്ധിച്ച് | | |
|---|---|---|---|
| | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| 1)പ്രവർത്തി:215/20-പുല്ലുവായിൽഅംഗനവാടി കെട്ടിട നിർമ്മാണം<br>അടങ്കൽ : (1200000 – CFC ,തനത് ഫണ്ട്)<br>ചെലവ് : 985470/-<br>ബിൽ നം : 1/19-20/13.6.2019 –487726/-<br>ബിൽ നം :111/19-20/25.2.20 -170000 /-<br>ബിൽ നം :112/19-20/25.2.20 -327744/- | 29564 | 0 | 29564 |

| | | | |
|---|---|---|---|
| എം ബുക്ക് :55/17-18<br>എഗ്രിമെൻറ് :57/18-19/AE/KKSY/15.9.18<br>(PAC :985470)<br>പൂർത്തീകരിക്കേണ്ട തീയ്യതി :31.3.2019<br>പൂർത്തീകരിച്ചതീയ്യതി:30.9.2019 (അവസാന ചെക്ക് മെഷർ)<br>31.3.2019 ന് ശേഷം 2 പ്രാവശ്യം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്<br>കോൺട്രാക്ടർ:ശ്രീ.സുരോജ്.ടി | | | |

പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം കോൺട്രാക്ടറിൽ നിന്ന് തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കണം

മറ്റ് അപാകതകൾ
1. പ്രവർത്തിയുടെ സെലക്ഷൻ നോട്ടീസ് ഫയലിൽ ഇല്ല
2.എഗ്രിമെന്റ് രജിസ്റ്ററിൽ പൂർത്തീകരണ തീയ്യതി ചേർത്തിട്ടില്ല.
3.15.9.2018 ൽ എഗ്രിമെന്റ വച്ച് 1.11.2018 ൽ മാത്രമാണ് സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുള്ളതിന്ന് കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല
4.പൂർത്തീകരണ സമയംദീർഘിപ്പിച്ചതിന്റ പഞ്ചായത്ത് തീരുമാനം ലഭ്യമാക്കിയിട്ടില്ല
5.8.3.2019 ന് 57A/18-19/LSGD KSRY/8.3.2019 നമ്പർ പ്രകാരം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചത് 200 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ ആണ് .പുതുക്കിയ സ്റ്റാമ്പ് ആക്ട് പ്രകാരം 1000 രൂപയുടെ സ്റ്റാമ്പ് പേപ്പർ വേണം (800 രൂപ സർക്കാരിന് നഷ്ടം )
6.8.4.2019 ന് 57A/18-19/LSGD KSRY/6.4.2019 നമ്പർ പ്രകാരം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചത് 200 രൂപ യുടെ സ്റ്റാമ്പ് പേപ്പറിൽ ആണ് .(800 രൂപ സർക്കാരിന് നഷ്ടം )

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .ഓഡിറ്റ് എൻക്വയറി നം:3/19-20/13.6.22.

1-21 മരാമത്ത് -GST കോമ്പൻസേഷൻ നൽകൽ -അപാകതകൾ

മരാമത്ത് പ്രവർത്തികൾക്ക് GST കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് (സാധാ)നം:2532/2018/LSGD/29.9.2018 പ്രകാരം മരാമത്ത് പ്രവർത്തികൾക്ക് GST COMPANSATION അനുവദിക്കുന്നതിന്ന് നിശ്ചിക ഫോർമാറ്റിൽ കോൺട്രാക്ടറുടെ ഡിക്ലറേഷൻ സമർപ്പിച്ചിരിക്കണമെന്ന് നിർദ്ധേശമുണ്ട് (GST നമ്പർ സഹിതം ) ആയത് ഫയലിൽ ലഭ്യമാക്കിയിട്ടില്ല .
പ്രവർത്തികളുടെ വിവരം ചുവടെചേർക്കുന്നു

| ക്രമനം: | പ്രൊജക്ട് നം:പേര് | ബിൽ നം | GST COMPANSതുക |
|---|---|---|---|
| 1 | 242/20-മാങ്ങോട് കോളനി ടാറിങ്<br>കോൺട്രാക്ടർ : മുഹമ്മദ് റിയാസുദ്ധീൻ<br>എഗ്രിമെന്റ് നം:66/18-1 /AE/LSGD/KKSY/15.9.18 | 16/19-20 /24.7.19-249975 | 7281 |
| 2 | 241/20-കുരുത്തിച്ചാൽ റോഡ് ടാറിങ്<br>കോൺട്രാക്ടർ :മുഹമ്മദ് റിയാസുദ്ധീൻ | 17/19-20 /24.7.19-199980 | 5825 |

| | | | |
|---|---|---|---|
| | എഗ്രിമെന്റ് നം:65/18-19 /AE/KKSY/15.9.18 | | |
| 3 | 243/20-അയ്യപ്പൻ കാവ് റോഡ് ടാറിങ് കോൺട്രാക്ടർ : അജിത്ത് പ്രസാദ് എഗ്രിമെന്റ് നം:61/18-1 /AE/LSGD/KKSY/15.9.18 | 7/19-20 /24.7.19-199980 | 5825 |
| 4 | 243/20-അയ്യപ്പൻ കാവ് റോഡ് ടാറിങ് കോൺട്രാക്ടർ : അജിത്ത് പ്രസാദ് എഗ്രിമെന്റ് നം:62/18-1 /AE/LSGD/KKSY/15.9.18 | 5/19-20 /24.7.19-104975 | 7281 |

ഇത സംബന്ധിച്ച നൽകിയ ഓഡിററ് എൻക്വയറിക്ക് ന:4/19-20/13.6.22 ന് ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്ന .എന്നാൽ പ്രസ്തു തീയ്യതിയിൽ കോൺട്രാക്ടറുടെ GST രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല.ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്

## 1-22 KWA യിൽ ഡെപ്പോസിറ്റ് വർക്ക് -മോണിട്ടറിങ് കാര്യക്ഷമമാക്കണം

2019-20 ലെ വാർഷിക കണക്കിൽ “Advance To Implimenting Agencies Deposit With KWA” എന്ന ഹെഡിൽ 6701000/-രൂപ KWA യ്ക്ക് അഡ്വാൻസ് ചെയ്തിട്ടുള്ളതായി കാണുന്നു. ഇതിന്റെ വിശദാംശം വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് ക്രമീകരിക്കേണ്ടതാണ്.മോണിട്ടറിങ് നടത്തി പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്, ഓഡിറ്റ് എൻക്വയറി നം :15/19-20/15.6.22ക്ക് സമർപ്പിച്ച മറുപടിയിൽ ആയത് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-23 മെയ്ന്റനൻസ് ഗ്രാന്റ് (റോഡ് ) വിനിയോഗം -അപാകതകൾ

MG (റോഡ് ) വിനിയോഗം സംബന്ധിച്ച് സർക്കുലർ 68228/FM/2012/LSGD/28.11.2012 പ്രകാരം റോഡുകളുടെ അറ്റകുറ്റപ്പണി നടത്തിയ ശേഷം MG(R) തുക ബാക്കിയുണ്ടെങ്കിൽ മാത്രം മെറ്റലിങ് .ടാറിങ് ,കോൺക്രീറ്റ് എന്നിവ ഏറ്റെടുത്ത് നടത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ താഴെ പ്പറയും പ്രകാരംമാണ് MG (R) വകയിരുത്തി ചെലവഴിച്ചിട്ടുള്ളത് .

ആകെ MG(R) പ്രൊജക്റ്റുകൾ -82 അടങ്കൽ – 18510000 ചെലവ് -11527116 ( ചെലവ് -62% )
റോഡ് ടാറിങ് -17 അടങ്കൽ – 4975000 ചെലവ് -19993154 ( ചെലവ് -40% )
സൈഡ് കെട്ടൽ -5 അടങ്കൽ – 1025000 ചെലവ് -1000000 ( ചെലവ് -90% )
കോൺക്രീറ്റ് -60 അടങ്കൽ – 12510000 ചെലവ് -9466038 ( ചെലവ് -75% )

സർക്കുലറിൽ നിർദ്ധേശിക്കും പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല.ആസ്തി രജിസ്റ്റർ പരിശോധിച്ച് 3 വർഷം മുമ്പ് വരെ ടാറിങ് നടത്തിയ റോഡുകളുടെ വിവരം ലഭ്യമാക്കി ആയത് റിടാറിങ് നടത്താത്തത് ഇല്ലെന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല( ആസ്തി രജിസ്റ്റർ പ്രകാരം ടാർ റോഡുകൾ അറ്റകുററപ്പണി ചെയ്യാൻ ഉണ്ടായിരിക്കെ ആയത് സംബന്ധിച്ച് അടിസ്ഥന വിവരം ലഭ്യമാക്കാതെ കോൺക്രീറ്റ് പ്രവർത്തികൾ എറ്റെടുത്തത് ക്രമപ്രകാരമല്ല.സർക്കാർ ഉത്തരവിന്റ അടിസ്ഥാനത്തിൽ മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-24 മരാമത്ത് പ്രവർത്തികൾ -അവലോകനം

തൻവർഷം സ്പിൽ ഓവർ ഉൾപ്പെടെ 169 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയതിൽ 126 എണ്ണം മാത്രം നിർവ്വഹണം നടത്തി.ആകെ അടങ്കൽ 3.45 കോടിയിൽ 2.22 കോടി നിർവ്വഹണം നടത്തി (64% ) മറ്റ് അപാകതകൾ

1.ടെൻണ്ടർ നടപടികളിൽ പങ്കാളിത്തം ഉറപ്പാക്കുന്നില്ല (2 പേർ വീതം പങ്കെടുക്കുന്നു)
2.സെലക്ഷൻ നോട്ടീസ് നൽകുന്നതിവ് വിഴ്ച
3.എഗ്രിമെന്റ് രജിസ്റ്ററിൽ പൂർത്തീകരണ തീയ്യതി ചേർക്കുന്നില്ല.
4.റോഡ് പ്രവർത്തികളിൽ ചെയ്നേജ് രേഖപ്പെടുത്തുന്നില്ല.
5.റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല
6.മെയ്ന്റനൻസ് ഗ്രാന്റ് (റോഡ് )വിഹിതം കോൺക്രീറ്റിന് ഉപയോഗിക്കുന്നു

### 1-25 പാലിന് സബ്സീഡി -ഡിപ്പാർട്ട്മെന്റ് വിഹിതം ഉറപ്പാക്കിയില്ല

സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം. 22/2018 ത.സ്വ.ഭ.വ., തീയതി. 14.02.2018 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ക്ഷീരവികസന വകുപ്പ് നൽകുന്ന (ഡിപ്പാർട്ട്മെന്റൽ ഫണ്ട്)ഒരു രൂപ ഉൾപ്പെടെ 4 രൂപ നിരക്കിൽ പരമാവധി സബ്സിഡി ₹40,000/- ഒരു കർഷകന് നൽകാവുന്നതാണ്. കർഷകർക്ക് ക്ഷീരവികസന വകുപ്പിൽ നിന്നുള്ള സബ്സിഡിയായ ഒരു രൂപ ലഭിച്ചിട്ടില്ല. എന്നാൽ കർഷകർക്ക് ഇതുൾപ്പെടെ നാലു രൂപ (1 രൂപ ജില്ലാപഞ്ചായത്ത് വിഹിതം )നിരക്കിലാണ് സബ്സിഡി നൽകിയിരിക്കുന്നത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 102/20-ക്ഷീര കർഷകർക്ക് പാൽ സബ്സീഡി | അടങ്കൽ/ഫണ്ടിനം | 5500000 (PLAN -500000,) ജില്ലാപഞ്ചായത്ത് വിഹിതം -50000 |
| ചെലവ് | 550000 | ബിൽ നം | 1/19-20 മുതൽ 8/19-20 വരെ 500000 ജില്ലാപഞ്ചായത്ത് വിഹിതം 50000 |
| നിർവ്വഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | |

ക്ഷീരവികസന വകുപ്പ് പങ്കാളിത്തത്തോടെ നിർവ്വഹണം നടത്തേണ്ടിയിരുന്നത് ജില്ലാ പഞ്ചായത്ത വിഹിതം നൽകിയത് സബ്സീഡി മാനദണ്ഡങ്ങളുടെ ലംഘനമാണ്.ഡിപ്പാർട്ട്മെന്റ് വിഹിതം ഉറപ്പാക്കി നിർവ്വഹണം നടത്തേണ്ടതാണ് .ഓഡിറ്റ് എൻക്വയറി നം:25/19-20/17.6.22

### 1-26 എ.ബി.സി പ്രോഗ്രാം - ലക്ഷ്യ പ്രാപ്തി വിവരങ്ങൾ അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ- | 132/19-20 , തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതി |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ തുക- | 3,50,000/- |
| ചെലവ് - | 3,50,000/- (ജനറൽ ഫണ്ട്) |
| ബിൽ നമ്പർ - | 1/ 19-20 തീയതി 17.08.2019 തുക 3,50,000/- |

തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതിയ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്തിലേക്ക് ₹3,50,000 രൂപ കൈമാറിയിയിട്ടുണ്ട്. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500 രൂപയാണ് ജില്ലാ പഞ്ചായത്ത് ചെലവ് കണക്കാക്കിയിട്ടുള്ളത്. തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതിയ്ക്കായി പാലക്കാട് ജില്ലാ

പഞ്ചായത്തിലേക്ക് തുക കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രസ്തുത പദ്ധതിയിലൂടെ എത്ര നായക്കളെ വന്ധ്യംകരിച്ചു എന്ന വിവരവും എ.ബി.സി പ്രോഗ്രാം അനുസരിച്ചുള്ള ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും അറിയിക്കേണ്ടതാണ്.എൻക്വയറി നം :19/19-20/15.6.22.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 10-06-2022 മുതൽ 15-06-2022 വരെ | അനുബന്ധം (1) കാണുക |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 250000 | 12/20 -സ്കോളർഷിപ്പ് | 250000 | 0 |
| | 19-20 | 896000 | 168/20ലൈഫ് പദ്ധതി | 896000 | 0 |
| | 19-20 | 257200 | 223/20 -ലൈഫ് SCP | 257200 | 0 |
| | 19-20 | 2080000 | 110/20-ലൈഫ് ജനറൽ | 2080000 | 0 |
| ജില്ലാപഞ്ചായത്ത് | 19-20 | 125000 | 12/20-സ്കോളർഷിപ്പ് | 125000 | 0 |
| | 19-20 | 1032147 | 223/20-ലൈഫ് SCP | 1032147 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങള്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4174635/-രൂപ വരവുണ്ട്. മുൻബാക്കി 29701765 രൂപയടക്കം 33876400 രൂപയിൽ 2591098/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലോൺ | GO(RT)6105/2019 /FIN/1.8.2019 | 33876418 | 33876418 | 1838235 | 0 | 32038183 |

.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2012-13 | 2014-15 | 4.1.6 | നിർമ്മിതി കേന്ദ്രം- മുൻകൂർ കൈപ്പറ്റിയിട്ടും കൃഷി ഭവൻ കെട്ടിടം പൂർത്തീകരിച്ചില്ല- നിഷ്ക്രിയാസ്തിയായി. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ആയിട്ടില്ല. |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 103758809 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 83105695 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). ഭാഗം(1) ൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1(20) | | 29564 | അസി.എൻജിനിയർ ,ശ്രീ.ഹരികൃഷ്ണൻ |
| ആകെ | | 29564 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അസി.എൻജിനിയർ ശ്രീ.ഹരികൃഷ്ണൻ | ചെർപ്പുളശ്ശേരി നഗരസഭ | "ആംസൺ വില്ല" കടമ്പഴിപ്പുറം പാലക്കാട് ജില്ല 678633 |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1996-97 | എൽ.എഫ്.പി.10-486/01/12-6-2001 | 4 |
| 1997-98 | എൽ.എഫ്.പി.10-825/02/6-2-2003 | 6 |
| 1998-99 | എൽ.എഫ്.പി.10-825/02/6-2-2003 | 9 |
| 1999-2000 | എൽ.എഫ്.പി.12-242/09/8-5-2010 | 11 |
| 2000-01 | എൽ.എഫ്.പി.12-202/09/6-5-2010 | 8 |
| 2001-02 | എൽ.എഫ്.പി.12-247/09/6-5-2010 | 12 |
| 2002-03 | എൽ.എഫ്.പി.12-986/06/5-4-2008 | 7 |
| 2003-04 | എൽ.എഫ്.പി.12-987/05/7-2-2006 | 5 |
| 2004-05 | എൽ.എഫ്.പി.12-39/09/5-1-2010 | 13 |
| 2005-06 | എൽ.എഫ്.പി.11-239/10/4-1-2011 | 8 |
| 2006-07<br>2007-08<br>2008-09 | എൽ.എഫ്.പി.18-895/11/27-10-2011 | 10 |
| 2009-10<br>2010-11 | എൽ.എഫ്.പി.18-2191/12/6-5-2013 | 4 |
| 2011-12 | എൽ.എഫ്.പി.18-46/14/2-4-2014 | 11 |
| 2012-13 | എൽ.എഫ്.പി.18-643/15/24.8.15 | 11 |
| 2013-14<br>2014-15 | കെ.എസ്.എ-പികെഡി18/1416 /16/9.8.2016 | 11 |
| 2015-16 | കെ.എസ്.എ-പികെഡി18/227 /16/8.2.2017 | 10 |
| 2016-17 | കെ.എസ്.എ-പികെഡി18/1589 /17/23.8.2017 | 27 |
| 2017-18 | കെ.എസ്.എ-പികെഡി 12-564/2019 /24.6.2019 | 9 |
| 2018-19 | കെ.എസ്.എ-പികെഡി 12/724 /2020/4.6.20 | 12 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കാരക്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കാരക്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## വാർഷിക കണക്ക് സംക്ഷിപ്തം

(1)

| | | | |
|---|---|---|---|
| | **Karakurissi Grama Panchayat**<br><br>**BALANCE SHEET** | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 9854228.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br><br>Agency Fund | B-2 | 22759.00 |
| 312000000 | Reserves | B-3 | 58495750.00 |
| | **Total Reserve & Surplus** | | **68372737.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4644188.00 |
| | **Total Grants, Contributions for Specific Purposes** | | **4644188.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 29361765.00 |
| | **Total Loans** | | **29361765.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 574308.00 |
| 350000000 | Other Liabilities | B-9 | 1790645.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2364953.00** |
| | **TOTAL LIABILITIES** | | **104743643.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 57933629.00 |
| 411000000 | Accumulated Depreciation | B-11 | -11192834.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **46740795.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 367317.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 29361765.00 |
| 450000000 | Cash and Bank Balance | B-17 | 20653114.00 |
| 460000000 | Loans, Advances and Deposits | B-18 | 7620652.00 |

(2)

| | | | |
|---|---|---|---|
| | **Karakurissi Grama Panchayat**<br><br>**INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3800648.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 340336.00 |
| 140000000 | Fee & User Charges | I-4(b) | 783557.00 |
| 150000000 | Sale & Hire Charges | I-5(b) | 189326.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 0.0 |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 105262284.00 |
| 171000000 | Interest Earned | I-8 | 399336.00 |
| 180000000 | Other Income | I-9 | 41871.00 |
| | **Total Income** | | **110817358.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 8915948.00 |
| 220000000 | Administrative Expenses | I-11(b) | 1502338.00 |
| 230000000 | Operations & Maintenance | I-12(b) | 1118890.00 |
| 240000000 | Interest & Finance Charges | I-13 | 3787.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3278477.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 53415680.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1484679.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 845337.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 20538000.00 |
| 255000000 | Maintenance Projects | I-14(e) | 18341970.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1055627.00 |
| 272000000 | Depreciation | I-17(a) | 2865319.00 |
| | **Total Expenditure** | | **113366052.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-2548694.00** |
| 280000000 | Prior Period Item | I-18 | -430211.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-2118483.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

(3)

| | | | |
|---|---|---|---|
| | **Karakurissi Grama Panchayat**<br><br>**RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 22167448.00 |
| Cash | Cash | RP-40(a) | 45796.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 808180.00 |
| 130000000 | Rental income from Panchayat Properties | RP-3 | 4000.00 |
| 140000000 | Fees & User Charges | RP-4 | 728057.00 |
| 150000000 | Sale & Hire Charges | RP-5 | 189326.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 49791957.00 |
| 171000000 | Interest Earned | RP-9 | 399336.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13408450.00 |
| 340000000 | Deposits Received | RP-34 | 1500.00 |
| 350000000 | Other Liabilities | RP-36 | 106369.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 41871.00 |
| 311000000 | Earmarked Funds | RP-29 | 876.00 |

| | | | |
|---|---|---|---|
| 330000000 | Secured Loans | RP-32 | 11120000.00 |
| 340000000 | Deposits Received | RP-34 | 171948.00 |
| 350000000 | Other Liabilities | RP-36 | 338040.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3093644.00 |
| 460000000 | Loans, Advances and Deposits | RP-47 | 1342011.00 |
| | **Grand total** | | **103758809.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3425164.00 |
| 220000000 | Administrative Expenses | RP-12 | 1419782.00 |
| 230000000 | Operations & Maintenance | RP-13 | 1112617.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3058176.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 28425378.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1704980.00 |

ഡെപ്യൂട്ടി ഡയറക്ടർ